# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 05/11/ 2020

## ലോൺ തരപ്പെടുത്തികൊടുക്കാമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് പണം തട്ടിയെടുത്തത്തിന് ഒരാൾ അറസ്റ്റിൽ

കൊല്ലം : ലോൺ തരപ്പെടുത്തികൊടുക്കാമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് പണം തട്ടിയെടുത്തത്തിന് ഒരാൾ അറസ്റ്റിൽ, കൊല്ലം വടക്കേവിള വില്ലേജിൽ മുള്ളുവില എന്ന സ്ഥലത്ത് ഹരിദാസമന്ദിരം വീട്ടിൽ സുരേന്ദ്രന്റെ മകൾ പൊന്നു എന്നു വിളിക്കുന്ന അഭിരാമി 28 ആണ് അറസ്റ്റിലായത്.

30.10.2020 ൽ കൊട്ടിയം ഒറ്റപ്ലാമൂട് എന്ന സ്ഥലത്ത് ഗ്രീൻ ഷാഡോ വീട്ടിൽ താമസിക്കുന്ന പ്രാപിതാ വധു , ബന്ധുവായ പ്രശാന്ത് എന്നിവരാണ് കബളിപ്പിക്കലിന് ഇരയായത്. പ്രപിതയുടെ വീട്ടിൽ ചെന്ന അഭിരാമി താൻ ഐ ഡി ബി ഐ ബാങ്കിന്റെ കൊല്ലം ശാഖയിലെ ഉദ്യോഗസ്ഥയാണെന്നും, പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതിയിൽപ്പെട്ട പലിശരഹിത ബാങ്ക് വായ്പ അനുവദിക്കുമെന്നും പ്രപിതയുടെ ഭർത്താവ് നടത്തുന്ന കോഴി ഫാമിന് 3 ലക്ഷം രൂപ അനുവദിക്കുമെന്നും ആദ്യത്തെ തിരിച്ചടവായ 19500/- രൂപ കൊടുക്കണമെന്ന് അറിയിച്ചതനുസരിച്ച് തുക കൊടുക്കുകയായിരുന്നു. വിശ്വാസം വരുന്നതിനായി 7,500/- രൂപ ഗൂഗിൾ പേയിലൂടെ അടപ്പിച്ച ശേഷം 12,000/- രൂപയും ഫോട്ടോയും ആധാർ കാർഡിന്റെ പകർപ്പുമായി പോയ അഭിരാമി പിന്നീട് ഫോൺ എടുക്കാതെ വന്നതിനെ തുടർന്ന് തന്റെ ബന്ധുവായ പ്രശാന്തിനെ പ്രബിത ബന്ധപ്പെട്ട പ്പോഴാണ് അഭിരാമി അന്ന് തന്നെ വായ്പ വാഗ്ദാനം ചെയ്ത് പ്രശാന്തിൽ നിന്നും 10,000/- രൂപ കബളിപ്പിച്ചതായി അറിഞ്ഞത് . തുടർന്ന് കൊട്ടിയം പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷത്തിലാണ് അഭിരാമി പിടിയിലായത്.




കഴിഞ്ഞ വർഷം കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനതിർത്തിയിൽ ഒരാളെ കബളിപ്പിച്ച് ഒരു ലക്ഷം രൂപ തട്ടിയെടുത്ത കേസിൽ പ്രതിയാണ് അഭിരാമി. കൊട്ടിയം പോലീസ് സ്റ്റേഷൻ എസ് ഐ സംഗീത് , രമേശ് എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ വിശദമായ അന്വേഷണത്തിനൊടുവിലാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.